புறம்போக்கு.

*182 [20] *ஸ்ரீ. டி. பொன்னையா: கீழ் குறிப்பிடும் விஞ்ஞாபனம் பூமி மந்திரி அவர்கள் விடை பகர்வார்களாக:

அகஸ்தீஸ்வரம் தாலூகாவில் சுசீந்திரம் பகுதியில் சுசீந்திரத்தில் வாட்ஸ்ரோட் (Watts Road) பக்கம் அன்னியர் பூமியில் குடியிருக்கும் ஷெட்யூல் வகுப்பில் நாயாடி இனத்தைச் சார்ந்த பாபநாசம் சுப்பையன் 25-5-1951-ல் ஒரு புறம்போக்கு பூமி குடியிருப்பிற்காக விண்ணப்பித்தின்மேல் நடபடி எடுத்ததுண்டா? இல்லாவிட்டால் காரணமென்ன?

Minister for Education and Revenue **(Sri. L. M. Pylee):** No such decision has been taken by Government.

അദ്ധ്യാപക ശമ്പളം

*൧൯൫ (൨൭) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

സെക്കണ്ടറി വിദ്യാഭ്യാസപദ്ധതിയനുസരിച്ചു് അദ്ധ്യാപകരുടെ ശമ്പളകാര്യീകരണത്തിൽ വന്നുകൂടിയ ചില അസമതുലങ്ങളെപ്പറ്റിയുള്ള പരാതി ഗവൺമെന്റിൽ കിട്ടിയിട്ടുണ്ടോ?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി): ചില പരാതികൾ കിട്ടിയിട്ടുണ്ടു്.

ശ്രീ. പി. കെ. കുമാരനാചാരി: ഒരു മാനേജ്മെന്റു സ്കൂളിൽ കുറെ വർഷം ജോലിനോക്കിയതിനുശേഷം ഏതെങ്കിലും അദ്ധ്യാപകൻ മറെറാരു മാനേജ്മെന്റു് സ്കൂളിലേക്കു് മാറുന്നപക്ഷം ആ അദ്ധ്യാപകനു് കൊടുക്കേണ്ട ശമ്പളത്തെപ്പറ്റി വല്ല തീരുമാനവും ഗവൺമെന്റു ചെയ്തിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: അതേപ്പറ്റിയും അപേക്ഷകൾ കിട്ടിയിട്ടുണ്ടു്. ഇവയെല്ലാം ശരിപ്പെടുത്തുവാൻ ഗവൺമെന്റു ശ്രമിക്കുകയാണു്.

ശ്രീ. പി. കെ. കുമാരനാചാരി: ഇങ്ങനെ വ്യത്യസ്തമായ രീതിയിൽ ശമ്പളം കൊടുത്തുവരുന്നതു ശരിയല്ലെന്നുള്ളതു ഗവൺമെന്റിനു ബോദ്ധ്യമായിട്ടുണ്ടോ?

Mr. Speaker: The question is disallowed. It is a matter of opinion.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ഇപ്പോഴത്തെ പുതിയപദ്ധതിയനുസരിച്ചു ൨൨ രൂപാ വാങ്ങിക്കുന്ന അദ്ധ്യാപകന്മാരും അതേസമയം ൩൦ രൂപാമുതൽ ൩൦ രൂപാവരെയുള്ള സ്കെയിൽ അനുസരിച്ചു ശമ്പളം വാങ്ങുന്ന അദ്ധ്യാപകന്മാരും ഉണ്ടെന്നറിയാമോ?

ശ്രീ. എൽ. എം. പൈലി: അതു പുതിയപദ്ധതിപ്രകാരമല്ല. പഴയപദ്ധതിപ്രകാരമാണു്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: അതിന്റെ ക്രമീകരണത്തിനു് ഗവൺമെന്റിൽ നിന്നും എന്തെങ്കിലും ചെയ്തിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: അതു ചെയ്തുവരികയാണു്.

*Put by Sri. R. K. Ram, with the permission of the Chair

LIBRARY ARCHIVES Kerala Legislative Assembly